# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 09.12.2025** **TIME: 12.30 PM**

### പ്രധാന വാർത്തകൾ

1. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ ഏഴ് ജില്ലകൾ വിധിയെഴുതുന്നു; 12 മണിവരെ പോളിംഗ് 18 ശതമാനം കടന്നു; സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് മൂന്ന് ഇടങ്ങളിൽ തിരഞ്ഞെടുപ്പ് മാറ്റിവെച്ചു.

2. തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിനുള്ള പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് ആറു മണി വരെ; വോട്ടെടുപ്പ് വ്യാഴാഴ്ച; ഇരുഘട്ടങ്ങളിലേക്കുമുള്ള വോട്ടെണ്ണൽ ശനിയാഴ്ച നടക്കും.

3. ഇരട്ട വോട്ടിൽ കർശന നിയമനടപടി സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ; കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർക്ക് തിരിച്ചറിയൽ രേഖയായി ഓഫീസ് ഐഡി ഉപയോഗിക്കാമെന്നും കമ്മീഷൻ.

4. പാർലമെൻറിൻറെ ശീതകാലസമ്മേളനം പുരോഗമിക്കുന്നു; ലോക്സഭയിൽ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ചയ്ക്ക് തുടക്കമായി.

5. ഇൻഡിഗോ സർവ്വീസുകൾ അഞ്ചു ശതമാനം കുറയ്ക്കാൻ ഉത്തരവിട്ട് ഡിജിസിഎ; വിമാനത്താവളങ്ങളിൽ യാത്രക്കാർക്കുള്ള സേവനങ്ങൾ പരിശോധിക്കാൻ നിർദേശം.

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയ്ക്ക് ഇന്ന് തുടക്കം.

**************************************************

## കേരളം - തദ്ദേശ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. അഞ്ച് മണിക്കൂറുകൾ പിന്നിടുമ്പോൾ മിക്ക ബൂത്തുകളിലും ഭേദപ്പെട്ട പോളിംഗ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. വോട്ടെടുപ്പ് വൈകിട്ട് ആറു മണി വരെ തുടരും.

**************************************************

## വോട്ടിംഗ് ശതമാനം - ജില്ലകൾ

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ ഇതുവരെ 18.58 ശതമാനം പോളിംഗ് രേഖപ്പെടുത്തി. തിരുവനന്തപുരം ജില്ലയിൽ ഇതുവരെ 36.94 ശതമാനം പോളിംഗ് രേഖപ്പെടുത്തി. കൊല്ലത്ത് 40.06 ശതമാനവും പത്തനംതിട്ടയിൽ 39.36 ശതമാനവും ആലപ്പുഴയിൽ 42.22 ശതമാനവുമാണ് പോളിംഗ്. കോട്ടയത്ത് 40.27 ശതമാനവും ഇടുക്കിയിൽ 38.37 ശതമാനവും എറണാകുളത്ത് 42.15 ശതമാനവുമാണ് ഇതുവരെയുള്ള പോളിംഗ്.

**************************************************

## തിരഞ്ഞെടുപ്പ് മാറ്റിവച്ചു

സംസ്ഥാനത്ത് സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് മൂന്ന് ഇടങ്ങളിൽ തദ്ദേശ തിരഞ്ഞെടുപ്പ് മാറ്റിവെച്ചു. മലപ്പുറം പായ്യ്പാടം, തിരുവനന്തപുരം വിഴിഞ്ഞം, എറണാകുളം പാമ്പാക്കുട എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ് മാറ്റിവെച്ചത്. പുതുക്കിയ തീയതി സംബന്ധിച്ച് പിന്നീട് വിജ്ഞാപനം

ഇറക്കും. ഇനി തിരഞ്ഞെടുപ്പ് നടക്കുമ്പോൾ നിലവിലെ സ്ഥാനാർത്ഥികൾ വീണ്ടും നാമനിർദ്ദേശപത്രിക നൽകേണ്ടതില്ല.

****************************************************

## തിരഞ്ഞെടുപ്പ് - തിരുവനന്തപുരം (ഇൻട്രോ)

തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് വോട്ടെടുപ്പ് സമാധാനപരമായി പുരോഗമിക്കുകയാണ്. **വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട് ചേരുന്നു...... രെജു, തദ്ദേശ തിരഞ്ഞെടുപ്പിൽ ജില്ലയിൽ വോട്ടർമാരുടെ പങ്കാളിത്തം എത്രത്തോളമുണ്ട്?**

**(വോയിസ്)**

**നന്ദി രെജു.**

****************************************************

## വോട്ടെടുപ്പ് - പ്രമുഖർ (ഇൻട്രോ)

തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി പ്രമുഖർ. രാഷ്ട്രീയ- സാംസ്കാരിക- ചലചിത്ര മേഖലകളിൽ നിന്നുള്ളവർ തങ്ങളുടെ സമ്മതിദാന അവകാശം **വിനിയോഗിച്ചു. വിശദാംശങ്ങളിലേക്ക്.....**
**(ഹോൾഡ് വോയ്സ്........)**

## വോട്ടെടുപ്പ് -പ്രമുഖർ (വോയിസ്)

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം ജവഹർ നഗർ എൽ പി സ്കൂളിൽ വോട്ട് ചെയ്തു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ എ ഷാജഹാൻ പട്ടം സെന്റ് മേരീസ് സ്കൂളിലും കേന്ദ്ര മന്ത്രി സുരേഷ് ഗോപി ശാസ്തമംഗലം ഗവൺമെൻറ് സ്കൂളിലും വോട്ട് രേഖപ്പെടുത്തി. മന്ത്രിമാരായ ജി ആർ

അനിൽ, വി ശിവൻകുട്ടി, വീണാ ജോർജ്ജ്, റോഷി അഗസ്റ്റിൻ, സജി ചെറിയാൻ,

പി.രാജീവ് എന്നിവർ വോട്ട് രേഖപ്പെടുത്തി. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, CPIM ജനറൽ സെക്രട്ടറി എം.എ ബേബി, പ്രതിപക്ഷനേതാവ് വി.ഡിസതീശൻ എന്നിവരും സമ്മതിദാന അവകാശം വിനിയോഗിച്ചവരിൽ ഉൾപ്പെടുന്നു. ചലച്ചിത്ര താരങ്ങളായ ആസിഫ് അലി, മണിയൻപിള്ള രാജു, ചിപ്പി, നിർമ്മാതാവ് എം.രഞ്ജിത്ത് തുടങ്ങിയരും വോട്ട് രേഖപ്പെടുത്തി.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

******************************************************

## <u>തിരഞ്ഞെടുപ്പ് ആലപ്പുഴ (ഇൻട്രോ)</u>

ആലപ്പുഴ ജില്ലയിൽ ഇത്തവണ 5,395 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. ആദ്യ മണിക്കൂറുകളിൽ ജില്ലയിൽ കനത്ത പോളിങ്ങ് രേഖപ്പെടുത്തി. ജില്ലയിലെ വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ആർ രവികുമാർ ചേരുന്നു.... രവികുമാർ ജില്ലയിലെ തീരദേശ മേഖലയിൽ നിന്ന് ജനപങ്കാളിത്തം എത്രത്തോളമുണ്ട്?

**(ഹോൾഡ്- ഫോൺ ഇൻ ലൈവ്)**

**നന്ദി രവികുമാർ.**

******************************************************

## <u>പോളിംഗ് ബൂത്ത് - പ്രത്യേകതകൾ</u>

തദ്ദേശ തിരഞ്ഞെടുപ്പിൽ ഒരുക്കിയിരിക്കുന്ന പോളിംഗ് ബൂത്തുകളും പ്രത്യേകതകൾ കൊണ്ട് ഏറെ ശ്രദ്ധയമാണ്.

എല്ലാ പോളിങ് ബൂത്തുകളും ഹരിതചട്ടം പാലിക്കുന്നതിനു പുറമേ വിവിധ ജില്ലകളിലായി മാതൃക ഹരിത ബൂത്തുകളും

സജ്ജമാക്കിയിട്ടുണ്ട്. 814 പോളിംഗ് ബൂത്തുകൾ മാതൃക ഹരിത ബൂത്തുകളാണ്. ഏറ്റവും കൂടുതൽ മാതൃകാ ഹരിതബുത്തുകളുള്ളത് എറണാകുളം ജില്ലയിലാണ്. ജൈവ-അജൈവ മാലിന്യങ്ങൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് ഓലകൊണ്ടും പനയോലകൊണ്ടും ഉണ്ടാക്കിയ ബിന്നുകൾ സജ്ജീകരിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ ഹരിതകർമ്മ സേനയുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. സെൽഫി കോർണറും കന്നി വോട്ടർമാർക്ക് സ്വീകരണവും ഒരുക്കിയിരുന്നു.

*****************************************************

## വോട്ടെടുപ്പ് സജ്ജീകരണങ്ങൾ

വോട്ടെടുപ്പിന് പ്രത്യേക സജ്ജീകരണങ്ങളുമായി പിങ്ക് യങ് മാതൃകാ പോളിങ് സ്റ്റേഷനുകൾ. ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, രോഗികൾ, ഗർഭിണികൾ എന്നിവർക്കായാണ് ഈ പോളിങ് സ്റ്റേഷനുകൾ. ഇവർക്ക് ക്യൂവിൽ മുൻഗണന നൽകും.

*****************************************************

## കർശന നിയന്ത്രണം (ഇൻട്രോ)

പോളിങ് സ്റ്റേഷനുകളിൽ പ്രവേശിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ കർശന നിയന്ത്രണം ഏർപ്പെടുത്തി.

**വിശദാംശങ്ങളിലേയ്ക്ക്.....**

(വോയിസ്)

## കർശന നിയന്ത്രണം (വോയിസ്)

വോട്ടിങ്ങിന് അർഹതയുള്ള സമ്മതിദായകർ, പോളിങ് ഓഫീസർമാർ, സ്ഥാനാർത്ഥി, സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഏജന്റ്, തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ളവർ, ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ, നിരീക്ഷകർ, പരസഹായം കൂടാതെ സഞ്ചരിക്കാൻ

കഴിയാത്ത സമ്മതിദായകനോടൊപ്പമുള്ള വ്യക്തി എന്നിവരെ മാത്രമേ പോളിങ് സ്റ്റേഷനിൽ പ്രവേശിപ്പിക്കുകയുള്ളു. സമ്മതിദായകനല്ലാത്തതോ വോട്ടെടുപ്പ് നട ത്തുന്നതിൽ പ്രിസൈഡിങ് ഓഫീസറെ സഹായിക്കാൻ ചുമതലപ്പെട്ടവരോ അല്ലാത്ത ആരെയും പോളിങ് സ്റ്റേഷനിൽ കടക്കുവാൻ അനുവദിക്കില്ല.

**ന്യൂസ് ഡെസ്ക്, ആകാശവാണി.......**

*************************************************

## തിരിച്ചറിയൽ രേഖ

വോട്ട് രേഖപ്പെടുത്താൻ എത്തുന്ന സമ്മതിദായകർ തിരിച്ചറിയൽ രേഖകൾ കൈയിൽ കരുതണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ തിരിച്ചറിയൽ കാർഡ്, തിരഞ്ഞെടുപ്പ് കമ്മീഷൻറെ വോട്ടർ സ്ലിപ്പ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസക്കാലയളവിന് മുൻപ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം തിരിച്ചറിയൽ രേഖയായി ഹാജരാക്കാം. ഇതിനു പുറമെ വോട്ട് ചെയ്യുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജീവനക്കാർക്ക് നൽകുന്ന ഓഫീസ് ഐഡി കാർഡ് കൂടി ഉപയോഗിക്കാമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

*************************************************

## ഒന്നിലധികം വോട്ട്

വോട്ടർപട്ടികയിൽ ഏതെങ്കിലും കാരണവശാൽ ഒരാളുടെ പേര് ഒന്നിലധികമോ, ഒരു വോട്ടർപട്ടികയിൽ തന്നെ ഒന്നിലധികം പ്രാവശ്യമോ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഒരു വോട്ട് മാത്രമേ ചെയ്യാൻ പാടുള്ളൂ. ഒരാളുടെ പേര് ഒന്നിലധികം പ്രാവശ്യം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പോലും അയാൾ ഒന്നിലധികം വോട്ട് ചെയ്യുന്നത് കുറ്റകരമാണ്.

അവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

*****************************************************************

## വോട്ടിംഗ് മെഷീൻ തകരാർ

ഇടുക്കി അടിമാലി മേഖലയിലെ മൂന്നു ബൂത്തുകളിൽ യന്ത്ര തകരാറിനെ തുടർന്ന് വോട്ടിംഗ് തടസ്സപ്പെട്ടു. ഇതിൽ മന്നാംകാല ബൂത്തിൽ വോട്ട് ചെയ്യ് തുടങ്ങിയതിന് ശേഷമാണ് വോട്ടിങ് യന്ത്രം തകരാറിലായതത്. പത്തനംതിട്ട ടൗൺ സ്ക്വയർ 15 ആം വാർഡിലും യന്ത്ര തകരാർ നേരിട്ടിരുന്നു.

*****************************************************************

## പോലീസ് സഹായം

ചലനശേഷി പരിമിതപ്പെട്ട വയോധികനെ പോലീസ് ഉദ്യോഗസ്ഥൻ കൈകളിലെടുത്ത് ബൂത്തിനുള്ളിലെത്തിച്ച് വോട്ടുചെയ്യാൻ സഹായിച്ചത് ജനാധിപത്യപ്രക്രിയയിലെ സവിശേഷ സന്ദർഭമായി. കൊല്ലം കോർപ്പറേഷൻ അമ്മൻനട 27-ാം ഡിവിഷനിലെ പട്ടത്താനം SNDP സ്കൂളിലെ 5-ാം നമ്പർ ബൂത്തിലാണ് 72 വയസ്സുള്ള രാഘവനെ സീനിയർ സിവിൽ പോലീസ് ഓഫീസർ വൈശാഖൻ വി.ജെ. സഹായിച്ചത്. തിരുവനന്തപുരം സിറ്റി പേരൂർക്കട സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറാണ് വൈശാഖൻ.

*****************************************************************

## പ്രത്യേക വാർത്താ ബുള്ളറ്റിൻ

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം പ്രക്ഷേപണം ചെയ്യും. ഇന്ന് വൈകിട്ട് 3.30, 4.30 എന്നീ സമയങ്ങളിൽ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള

ബുള്ളറ്റിനുകളിലൂടെ വോട്ടെടുപ്പിന്റെ തത്സമയ വിവരങ്ങൾ ശ്രോതാക്കളിൽ എത്തിക്കും.

**************************************************

## തിരഞ്ഞെടുപ്പ് - രണ്ടാംഘട്ടം

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിനുള്ള പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് ആറു മണിക്ക് അവസാനിക്കും. കലാശക്കൊട്ട് ഉൾപ്പെടെയുള്ള പരിപാടികൾ സമാധാനപരമായിരിക്കണമെന്ന് ജില്ലാ കളക്ടർമാർ നിർദേശം നൽകി. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്. ഇരുഘട്ടങ്ങളിലേക്കുമുള്ള വോട്ടെണ്ണൽ ശനിയാഴ്ച നടക്കും.

**************************************************

## വോട്ടർപട്ടിക പരിഷ്കരണം

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി രാജ്യത്താകെ 50 കോടി 95 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ 99.95 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. 50 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായും കമ്മിഷൻ വ്യക്തമാക്കി. കേരളത്തിൽ ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 2 കോടി 72 ലക്ഷത്തി 22, 745 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

**************************************************

## കരകൗശല മേഖല - പുരസ്കാരങ്ങൾ

കരകൗശല മേഖലയിലെ മികവിനുള്ള പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ 2023, 24 വർഷങ്ങളിലെ അവാർഡുകളാണ് നൽകുന്നത്. കേരളത്തിൽ നിന്ന് തിരുവനന്തപുരം സ്വദേശികളായ മൂന്ന് പേർ പുരസ്കാരത്തിന് അർഹരായി. വൈക്കോൽ ചിത്രരചനാ

രംഗത്ത് മികവ് തെളിയിച്ച ബി രാധാകൃഷ്ണപിള്ള 2023ലെ ദേശീയ പുരസ്കാരത്തിനും, വൈക്കോൽ കരകൗശല വിഭാഗത്തിൽ കെ സുലൈമാൻ കുട്ടി, ടെറാക്കോട്ട ശിൽപരംഗത്തെ മികവിന് വി.കെ.ജയൻ എന്നിവർ 2024 -ലെ ദേശീയ പുരസ്കാരവും നേടി.

**************************************************

## പാർലമെന്റ്

പാർലമെൻറിൻറെ ശീതകാലസമ്മേളനം പുരോഗമിക്കുന്നു. ലോക്സഭയിൽ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ച ആരംഭിച്ചു. വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തെക്കുറിച്ചുള്ള ചർച്ചയ്ക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് രാജ്യസഭയിൽ തുടക്കം കുറിക്കും. വിഷയത്തിൽ ഇന്നലെ 10 മണിക്കൂർ ചർച്ച ലോക്സഭയിൽ നടന്നു.

**************************************************

## പ്രധാനമന്ത്രി -വന്ദേമാതരം

എല്ലാ പ്രശ്നങ്ങളേയും അതിജീവിക്കാനുള്ള ശക്തി ഇന്ത്യയ്ക്കുണ്ടെന്നും വന്ദേമാതരം അതിനുള്ള ശക്തിയും പ്രചോദനവും നൽകുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. വന്ദേമാതരത്തെ കുറിച്ചുള്ള ചർച്ചയ്ക്ക് ഇന്നലെ ലോക്സഭയിൽ തുടക്കമിട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**************************************************

## എൻ.ഡി.എ യോഗം

എൻ.ഡി.എ പാർലമെൻററി പാർട്ടി യോഗം ന്യൂഡൽഹിയിൽ ചേരുന്നു. പാർലമെന്റ് ലൈബ്രറി കെട്ടിടത്തിലെ ജി.എം.സി.ബാലയോഗി ഓഡിറ്റോറിയത്തിലാണ് യോഗം.

**************************************************

## വ്യോമയാന മന്ത്രാലയം

ഇൻഡിഗോ വിമാന സർവ്വീസുമായി ബന്ധപ്പെട്ട് നിർണായക തീരുമാനവുമായി ഡി.ജി.സി.എ. ഇൻഡിഗോ സർവ്വീസുകൾ അഞ്ചു ശതമാനം കുറയ്ക്കാൻ ഉത്തരവിട്ടു. നാളെ വൈകുന്നേരം അഞ്ചു മണിക്കകം പുതുക്കിയ ഷെഡ്യൂൾ നൽകണമെന്ന് അധികൃതർക്ക് നിർദ്ദേശം നൽകി.എയർലൈൻ പ്രവർത്തനങ്ങളും യാത്രക്കാർക്കുള്ള സേവനങ്ങളും പരിശോധിക്കാൻ വിമാനത്താവളങ്ങൾ സന്ദർശിക്കാൻ മുതിർന്ന ഉദ്യോഗസ്ഥരോടും വ്യോമയാന മന്ത്രാലയം നിർദ്ദേശിച്ചു. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി റാം മോഹൻ നായിഡുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിലാണ് തീരുമാനം.

*****************************************************

## സ്മാരക പ്രഭാഷണം

വിദേശകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന അഞ്ചാമത് അടൽ ബിഹാരി വാജ്പെയ് സ്മാരക പ്രഭാഷണം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. സിംഗപൂർ പ്രധാനമന്ത്രിയുടെ മുതിർന്ന ഉപദേഷ്ടാവ് ടിയോ ചീ ഹീൻ മുഖ്യപ്രഭാഷണം നടത്തുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. മാറ്റങ്ങളുടെ ലോകത്തിൽ ദീർഘകാല പങ്കാളിത്തം എന്നതാണ് പ്രഭാഷണ വിഷയം.

*****************************************************

## ട്വന്റി - 20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് മത്സരം. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണ് ഉള്ളത്.

*****************************************************

## ഐ.പി.എൽ - ലേല പട്ടിക

2026 ഐപിഎൽ സീസണിലേക്കുള്ള കളിക്കാരുടെ ലേല പട്ടിക അന്തിമമാക്കി ബി.സി.സി.ഐ. 1,355 പേരുകൾ ഉണ്ടായിരുന്നത് 350 ആയി കുറച്ചു. 35 പേരെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തി. 240 ഇന്ത്യൻ താരങ്ങളും 110 വിദേശ താരങ്ങളുമാണ് ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ലേലം ഈ മാസം 16 ന് അബുദാബിയിൽ നടക്കും.

*************************************************

## പുരുഷ ഹോക്കി

ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിൽ നടന്ന ഇന്ത്യ ദക്ഷിണാഫ്രിക്ക പുരുഷ ഹോക്കി ടെസ്റ്റ് പരമ്പരയിലെ രണ്ടാം മത്സരം സമനിലയിൽ. ഇരു ടീമുകളും രണ്ട് ഗോളുകൾ വീതം നേടിയാണ് മത്സരം സമനിലയിൽ എത്തിച്ചത്. ആദ്യ മത്സരം ഇന്ത്യ 5-2 ന് സ്വന്തമാക്കിയിരുന്നു. പരമ്പരയിലെ അവസാന മത്സരം നാളെ നടക്കും.

*************************************************

## ഓഹരി -സ്വർണം

ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 435 പോയിന്റ് താഴ്ന്ന് 84,672 ലും നിഫ്റ്റി 134 പോയിന്റ് നഷ്ടത്തിൽ 25,826 ലും വ്യാപാരം തുടരുന്നു. സ്വർണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 95,400 രൂപയും, ഗ്രാമിന് 11,925 രൂപയുമാണ് ഇന്നത്തെ വില.

*************************************************

## അതിജീവിത- മുഖ്യമന്ത്രി

നടിയെ ആക്രമിച്ച കേസിൽ സർക്കാർ അതിജീവിതക്ക് ഒപ്പമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിജീവിതയ്ക്ക് ആവശ്യമായ പിന്തുണ തുടരുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

****************************************************************

## കേരള സർവ്വകലാശാല

കേരളസർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സും സാമ്പത്തിക ശാസ്ത്ര വകുപ്പും, യുണൈറ്റഡ് നേഷൻസ് സർവകലാശാലകളായ യുഎൻയു മെറിറ്റും യുഎൻയു ക്രിസ്സും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന മൈക്രോ എവിഡൻസ് ഓൺ ഇന്നൊവേഷൻ ആന്റ് ഡെവലപ്മെന്റ് കോൺഫറൻസ് നാളെ മുതൽ ഈ മാസം 12 വരെ കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ വച്ച് നടക്കും. 26 രാജ്യങ്ങളിൽ നിന്നുള്ള 33 പ്രബന്ധങ്ങളാണ് അവതരിപ്പിക്കുന്നത്.

****************************************************************

## സാഗർ ബന്ധു

ദിത്വാ ചുഴലിക്കാറ്റിനെത്തുടർന്ന് ഇന്ത്യൻ സൈന്യം ശ്രീലങ്കയ്ക്ക് നൽകിവരുന്ന മാനുഷിക സഹായം തുടരുന്നു. സഹായ ദൗത്യമായ ഓപ്പറേഷൻ സാഗർ ബന്ധുവിന്റെ ഭാഗമായി, ജാഫ്നയിലെ തകർന്ന പുളിയംപൊക്കനായി പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ ഇന്ത്യൻ സൈന്യത്തിന്റെ എഞ്ചിനീയർ ടാസ്ക് ഫോഴ്സ് ആരംഭിച്ചതായി കേന്ദ്ര പ്രതിരോധ മന്ത്രാലയം അറിയിച്ചു. ദൗത്യം നാളെയോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രാലയം വ്യക്തമാക്കി.

****************************************************************

## യു.എൻ.സുരക്ഷാ കൗൺസിൽ

യു.എൻ സുരക്ഷാ കൗൺസിൽ ഇന്ന് യുക്രൈനെക്കുറിച്ച് ഒരു തുറന്ന യോഗം സംഘടിപ്പിക്കും. ഡെൻമാർക്ക്,ഫ്രാൻസ്, യുകെ, ഗ്രീസ്, റിപ്പബ്ലിക് ഓഫ് കൊറിയ എന്നിവയ്ക്കൊപ്പം സ്ലോവേനിയയും യോഗം വേണമെന്ന് ആവശ്യപ്പെട്ടിരുന്നു.

****************************************************************************************

*****************************